"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല- വെള്ളനാട് ഗ്രാമ പഞ്ചായത്തിലെ 2018-19 വാർഷിക പദ്ധതി- ഗ്രാമസഭ ചട്ടവിരുദ്ധമായി നടത്തിയ തായി പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് - പരാതിയിൽ തുടർ നടപടിക്കായി ഓംബുഡ്സ്മാന് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ്**

**സ.ഉ.(സാധാ) നം.1149/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/06/2020

പരാമർശം:- 1 ശ്രീ. ഭാഗ്യരാജ് ആർ. വെള്ളനാട് നൽകിയ 23/10/2018- ലെ പരാതി.

2 പഞ്ചായത്ത് ഡയറക്ടറുടെ 24/12/2019- ലെ പിഎഎൻ/25031/2018- ജെബി(ഡിപി) നം. റിപ്പോർട്ട്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ 2018-19 വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചട്ടവിരുദ്ധമായി നടത്തിയെന്ന് പരാമർശം (1) പരാതി പരിശോധിച്ച് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(5)-ന് വിരുദ്ധമായി വെള്ളനാട് ഗ്രാപഞ്ചായത്തിലെ ഗ്രാമസഭ യോഗങ്ങളിൽ സ്ഥിരം സമിതി ചെയർമാൻ അദ്ധ്യക്ഷത വഹിച്ചതായും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 എം (2) പ്രകാരമുള്ള നടപടിക്കായി പരാതി ഓംബുഡ്സ്മാന് ശുപാർശ ചെയ്യുന്നതായും റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർക്ക് നേരിട്ട് സമർപ്പിച്ച പരാമർശം(1)- ലെ പരാതിയിൻ പ്രകാരമുള്ള പരാമർശം (2)- ലെ റിപ്പോർട്ടും അനുബന്ധ രേഖകളും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 എം (2) പ്രകാരം തുടർ നടപടിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ,
സാഫല്യം കോംപ്ലക്സ് ,പാളയം, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. ഭാഗ്യരാജ്.ആർ., അശ്വതി ഭവൻ, വെളിയന്നൂർ പി.ഒ., വെള്ളനാട്,
തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, (വെബ്& ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ